പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

2019 ജൂലൈ 1 , തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

മെഡിസെപ് പദ്ധതിയുടെ ഗുണഭോക്താക്കൾ

ചോദ്യം : T 5361
ശ്രീ.ആർ. രാജേഷ്

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | മെഡിസെപ് പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാം എന്ന് വ്യക്തമാക്കുമോ; | സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും, സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | മെഡിസെപ് ആരംഭിക്കുമ്പോൾ നിലവിലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സഹായം നിർത്തലാക്കുമോ; വ്യക്തമാക്കുമോ? | ഒ.പി ചികിത്സ നിർദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കേരള ഗവൺമെന്റ് സർവ്വന്റ് മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules, 1960) വിധേയരായ എല്ലാ സർക്കാർ ജീവനക്കാർക്കും റീജിയണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി (SCTIMST), മലബാർ ക്യാൻസർ സെന്റർ (MCC), കൊച്ചിൻ ക്യാൻസർ സെന്റർ എന്നീ സ്ഥാപനങ്ങൾ |

| | | |
|---|---|---|
| | | ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രിയിലേയും ഔട്ട് പേഷ്യന്റ് ചികിത്സയ്ക്ക് നിലവിലെ പ്രതിപൂരണ സമ്പ്രദായം (Medical Reimbursement) തുടരുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ